# SAMPLE QUESTION PAPER SA- II - March 2011-2012

## മാതൃക ചോദ്യപേപ്പർ – 2011–2012

## CLASS IX

## MALAYALAM - 2012

**Time : 3 hrs.** **മലയാളം രണ്ടാം ഭാഷ** **Marks : 90**

---

*The question paper will be divided into four sections :*

*Section A - Reading Comprehension - 8 marks*

*Section B - Writing - 14 marks*

*Section C - Grammar - 18 marks*

*Section D - Literature - 40 marks*

---

### എ വിഭാഗം – Section - A

I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

ഭാരതീയരുടെ ഉത്കൃഷ്ടതമമായ സാഹിത്യമെല്ലാം അരണ്യങ്ങളിലേയും ആശ്രമങ്ങളിലേയും പ്രകൃതി വിലാസം കൊണ്ടു സജീവമായിട്ടുള്ളതാണ്. അവിടെ മനുഷ്യൻ പ്രകൃതിയിൽ ഇണങ്ങിച്ചേർന്ന് ലയം കൊള്ളുന്നു. രാമായണം, മഹാഭാരതം, ശാകുന്തളം, ഉത്തരരാമചരിതം മുതലായ കാവ്യങ്ങളിലെല്ലാം പ്രകൃതിക്കു സ്വതന്ത്രവും പ്രധാനവുമായ ഒരു സ്ഥാനമുണ്ടെന്ന് വിശദമാണല്ലോ. നിത്യവും ശാശ്വതവുമായതൊന്നോ, അതിന്റെ പ്രശാന്തിയെ ക്ഷോഭവിധേയനായ മനുഷ്യന് പ്രദാനം ചെയ്യുക എന്ന മഹത്തായ ധർമ്മമാണ് ഭാരതീയ സാഹിത്യത്തിൽ പ്രകൃതിക്കുള്ളത്. പാശ്ചാത്യ സാഹിത്യത്തിലെ പോലെ കേവലം പശ്ചാത്തലമൊരുക്കൽ മാത്രമല്ല എന്നർത്ഥം. ഇന്ത്യയിൽ എങ്ങനെയുള്ള പ്രദേശങ്ങളാണ് തീർത്ഥാടനത്തിനുള്ള പുണ്യസ്ഥലങ്ങളായി കല്പിച്ചിട്ടുള്ളതെന്ന് നോക്കുക. പ്രകൃതിയുടെ ഏതെങ്കിലും ചില പ്രത്യേക സൗന്ദര്യമോ, ഗാംഭീര്യമോ കളിയാടുന്ന ഭാഗങ്ങളായിരിക്കും അവ.

1) പാശ്ചാത്യ പൗരസ്ത്യ സാഹിത്യങ്ങൾ തമ്മിലുള്ള വ്യത്യാസമെന്ത് ?

2) ഭാരതീയ സാഹിത്യത്തിൽ പ്രകൃതിയുടെ ധർമ്മായി കല്പിച്ചിരിക്കുന്നതെന്ത് ?

3) ഭാരതത്തിലെ പുണ്യസ്ഥലങ്ങൾ എങ്ങനെയുള്ളവയാണ് ?

4) ഭാരതീയ സാഹിത്യത്തിൽ പ്രകൃതിക്ക് സ്വതന്ത്രമായ ഒരു സ്ഥാനമുണ്ടെന്ന് എങ്ങനെ മനസ്സിലാക്കാം ?

5) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം എഴുതുക. (5 × 2 = 10)

### ബി വിഭാഗം – Section - B

II. 1) സ്ത്രീ സംരക്ഷണത്തെക്കുറിച്ചുള്ള ലേഖനപരമ്പരയെ അഭിനന്ദിച്ചുകൊണ്ട് പത്രാധിപർക്ക് ഒരു കത്തെഴുതുക. (8)

2) ശൈലികൾ വാക്യത്തിൽ പ്രയോഗിക്കുക (2 × 1 = 2)

1) അടിയറ വയ്ക്കുക

2) നെല്ലിപ്പലക കാണുക

3) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒന്നിനെക്കുറിച്ച് അരപ്പേജിൽ കവിയാതെ എഴുതുക. (3)

1) മുറ്റത്തെ മുല്ലയ്ക്കു മണമില്ല

2) അഴകുള്ള ചക്കയിൽ ചുളയില്ല.

4) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ലഘു ഉപന്യാസം എഴുതുക. (7)

1) പരസ്യങ്ങൾ ജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം

2) തീവ്രവാദം ഉയർത്തുന്ന വെല്ലുവിളികൾ

3) പ്രകൃതി ക്ഷോഭങ്ങളും പരിഹാരങ്ങളും

## സി വിഭാഗം – Section - C

a) 1) പ്രയോഗം മാറ്റുക (2)

ഞാൻ ആ കുട്ടിയെ തറപ്പിച്ചുനോക്കി

2) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക (2)

ചമയങ്ങളഴിച്ചു വീട്ടിലേക്കു പോകുമ്പോൾ എന്റെ കോമാളിവേഷത്തെ മുതലാളി അഭിനന്ദിച്ചു.

3) അന്വാഖ്യമാക്കുക (2)

ഉമ്മ – എന്നാലും എന്റെ ആമിനയെ ആ കുറുക്കനിപ്പ് എന്തു ചെയ്യുകയാവും ?

മകൻ – ഉമ്മാന്റെ കോഴിയെ ആ കുറുക്കൻ കല്യാണം കഴിച്ചു കാണും.

b) തെറ്റുണ്ടെങ്കിൽ തിരുത്തുക. (1 × 1 = 1)

നഗരവീഥിയിൽ ഒച്ചയും ശബ്ദവുമില്ലാത്ത ഒരു നോക്കുക്കുത്തിയായി മാറി

c) 1) 'കാലപ്പകർച്ച' വിഗ്രഹിക്കുന്നത് എങ്ങനെ ? (1)

(കാലത്തിന്റെ പകർച്ച, കാലമാകുന്ന പകർച്ച, കാലന്റെ പകർച്ച, കാലമായ പകർച്ച)

2) അഭിമാനം വിപരീതപദമേത് ? (1)

(അപമാനം, അനഭിമാനം, ദുരഭിമാനം, സാഭിമാനം)

3) രാത്രി – പര്യായമേത് ? (1)

(ഇരുട്ട്, നിശ, തമസ്സ്, രജനി)

4) കാലി – നാനാർത്ഥമെഴുതുക. (1)

(ശൂന്യം, കാക്ക, കന്നുകാലി, കറുപ്പ്)

5) 'അന്തം–അന്തി' – അർത്ഥവ്യത്യാസമെഴുതുക. (1)

(സന്ധ്യ, രാത്രി, അവസാനം, കാഴ്ചയില്ലാത്തത്)

## ഡി വിഭാഗം – Section - D

I. ഉത്തരമെഴുതുക (4 × 4 = 16)

a) മിഷ്യൻ കോഴിയേയും നാടൻ കോഴിയേയും താരതമ്യം ചെയ്തുകൊണ്ട് ഉമ്മ നടത്തുന്ന

അഭിപ്രായപ്രകടനങ്ങളിൽ എന്തൊക്കെ അർത്ഥസൂചനകൾ കണ്ടെത്താനാകും ?

b) നിസ്സഹായനായ മനുഷ്യന്റെ ആത്മസംഘർഷങ്ങളാണ് 'മടുത്തകളി' യിലുള്ളത്. വിശകലനം ചെയ്യുക.

c) ഉമ്മ ആത്മഗതമെന്നോണം ഉച്ചത്തിൽ പറഞ്ഞതെന്ത് ?

d) "ആദർശത്തിന്റെയും ലാലിത്യത്തിന്റെയും ഊന്നുവടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു" ഈ വാക്യത്തിന്റെ അർത്ഥവ്യാപ്തി കണ്ടെത്തുക.

II. (4 × 4 = 16)

a) മദ്യപിച്ച യാദവൻമാരുടെ സ്വഭാവത്തിൽ വന്നമാറ്റം കവി എങ്ങനെ വർണിച്ചിരിക്കുന്നു ?

b) ഒട്ടിയ വയറ്, സദ്യ മോരുമുപ്പിലിട്ടതും തുടങ്ങി ഭക്ഷണവുമായി ബന്ധപ്പെട്ട സൂചനകൾ 'അന്നം' എന്ന കവിതയുടെ ഭാവതീവ്രതയെ വർദ്ധിപ്പിക്കുന്നതെങ്ങനെ ?

c) ചെറുശ്ശേരിയുടെ വർണ്ണനാചാതുര്യം പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

d) ജഗദ്ഭാഷകനാകും എന്ന പ്രയോഗത്തിലൂടെ വ്യക്തമാക്കാൻ ശ്രമിക്കുന്നതെന്ത് ?

III. ശരിയായ ഉത്തരം എടുത്തെഴുതുക. (6 × 1 = 6)

1) ചെറുശ്ശേരി ഏതു രാജാവിന്റെ സദസ്യനായിരുന്നു ?

(ഉദയവർമൻ കോലത്തിരി, കേരളവർമ വലിയ കോയിത്തമ്പുരാൻ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, മാർത്താണ്ഡവർമ്മ)

2) ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കൃതിയേത് ?

(അമാവാസി, ഇന്നലെ പെയ്ത മഴ, ശിഥിലയാമം, മാനവഹൃദയം)

3) 'മടുത്ത കളി' എഴുതിയതാര് ?

(യു.കെ. കുമാരൻ, അശോകൻ ചരുവിൽ, മാധവിക്കുട്ടി, വിജയകുമാർ മേനോൻ)

4) 'സമുദായങ്ങൾക്ക് ചിലത് ചെയ്യാനുണ്ട്' ഈ ലേഖനമെഴുതിയതാര് ?

(എം.എൻ.വിജയൻ, പി.കെ.രാജശേഖരൻ, ജി.അരവിന്ദൻ, എൻ.എൻ.കക്കാട്)

5) "ഓളെ കണ്ണിൽ പരുന്താണ് ..........ന്റെ റബ്ബേ, നീയെന്നെ കൊന്നുതാ," ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ? (നബീസയെ, ആമിനയെ, ഉമ്മയെ, കോഴിയെ)

6) "ഞും കിട്ടും കിട്ടും ഇങ്ങനെ വേഷം കെട്ടിനിൽക്കാൻ ഏതു ദരിദ്രവാസിയാണ് ലോകത്തിലുള്ളത്" ഏതു വേഷം ? (കഥകളിവേഷം, കോമളി വേഷം, തെയ്യം വേഷം, സ്ത്രീ വേഷം)

IV. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (2 × 5 = 10)

1) ശ്രീരാമകൃഷ്ണപരമഹംസന്റെ സമാധിക്കുശേഷം നരേന്ദ്രന്റെ പ്രവർത്തനങ്ങൾ എപ്രകാരമായിരുന്നു ?

2) മതമഹാസമ്മേളനത്തിൽ വിവേകാനന്ദൻ വഹിച്ച പങ്കെന്ത് ?

3) പ്രതികൂല സാഹചര്യത്തിലും വിവേകാനന്ദൻ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തുക

4) വിവേകാനന്ദന്റെ പ്രസംഗങ്ങളുടെ പ്രസക്ത ഭാഗങ്ങൾ ചുരുക്കിയെഴുതുക.

❑❑❑

# SAMPLE QUESTION PAPER SA- II - March 2011-2012

## മാതൃക ചോദ്യപേപ്പർ – 2011–2012

## CLASS X

## MALAYALAM - 2012

**Time : 3 hrs.** **മലയാളം രണ്ടാം ഭാഷ** **Marks : 80**

---

*The question paper will be divided into four sections :*

*Section A - Reading Comprehension - 8 marks*

*Section B - Writing - 14 marks*

*Section C - Grammar - 18 marks*

*Section D - Literature - 40 marks*

---

### എ വിഭാഗം – Section - A

I. താഴെ കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

സാഹിത്യം സാംസ്കാരികാന്തരീക്ഷത്തെ ദർപ്പണതുല്യം പ്രതിഫലിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്. മാറ്റങ്ങൾക്ക് വഴിയൊരുക്കുക എന്ന ദൗത്യവും സാഹിത്യത്തിന്റെ ധർമ്മാണെന്നാണ് സഞ്ജയന്റെ അചഞ്ചല വിശ്വാസം. ഈ ആശയഗതി സ്വന്തം രചനകളിലൂടെ പ്രാവർത്തികമാക്കിയ അദ്ദേഹം സാഹിത്യവും ജീവിതവും എന്ന പ്രബന്ധത്തിൽ എഴുത്തുകാരൻ എങ്ങനെ ചരിത്രത്തിൽ ഇടപെട്ടിട്ടുണ്ടെന്ന് സോദാഹരണം വിവരിക്കുന്നുണ്ട്. ഭടന്റെ കൈവാളിളകുന്നതിനു മുൻപ് സാഹിത്യകാരന്റെ തൂലിക തെല്ലൊന്നിളകിയിരിക്കണം എന്നദ്ദേഹം ഊന്നിപ്പറയുന്നു. ഫ്രഞ്ചു വിപ്ലവം ഉണ്ടായതിനുകാരണം കേവലം സൈനികമുന്നേറ്റം മാത്രമല്ല, റൂസ്സോവിന്റെ പ്രോജ്ജ്വലമായ രചനകൾ കൂടിയാണ്. സാഹിത്യം ഹിംസയേയും വിപ്ലവത്തേയും മാത്രമല്ല അഹിംസയെയും ആത്മബോധത്തെയും ആമന്ത്രണം ചെയ്യുന്നുണ്ടെന്ന് അദ്ദഹം ഗാന്ധിജിയെ ഉദാഹരിച്ചകൊണ്ട് സമർത്ഥിക്കുന്നു. മഹാത്മ ഗാന്ധിയെ സാഹിത്യകാരനായി കണക്കാക്കുന്ന അദ്ദേഹം നാം ഗാന്ധിജിയിലെ സാഹിത്യകാരനെ വേണ്ടവിധം തിരിച്ചറിയാത്തത് ആ അംശം ഒരു കർമ്മയോഗി എന്ന നിലയ്ക്കുള്ള ഗാന്ധിജിയുടെ പ്രകാശം പ്രവാഹത്തിൽ മുങ്ങിപ്പോകുന്നതു കൊണ്ടാണെന്നു സമർത്ഥിക്കുന്നു. 'ഇന്ത്യയിൽ ശാന്തതയുണ്ട് പക്ഷേ അത് ശവകുടീരത്തിലെ പ്രശാന്തതയാണ്' എന്ന ഗാന്ധിജിയുടെ വാക്യം ഒരു ദിവ്യ സാഹിത്യകാരന്റെ മുഖത്തുനിന്നു മാത്രമേ പുറപ്പെടുകയുള്ളുവെന്ന് സഞ്ജയൻ ചൂണ്ടിക്കാണിക്കുന്നു.

1) സഞ്ജയന്റെ ദൃഷ്ടിയിൽ സാഹിത്യത്തിന്റെ ധർമ്മം എന്ത് ? (2)

2) ഗാന്ധിജിയെ ഉദാഹരിച്ചുകൊണ്ട് സഞ്ജയൻ സമർത്ഥിക്കുന്നതെന്ത് ? (2)

3) ഗാന്ധിജിയിലെ സാഹിത്യകാരനെ നാം തിരിച്ചറിയാത്തതെന്തുകൊണ്ട് ? (2)

4) ദിവ്യസാഹിത്യകാരന്റേതായി ഗാന്ധിജിയിൽ നിന്നു വന്ന വാക്യം ഏത് ? (2)

### ബി വിഭാഗം – Section - B

II. 1) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക. (7)

1) വൃദ്ധസദനങ്ങൾ അനിവാര്യമോ ?

2) യുവതലമുറയിൽ ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനം

3) ജനപ്പെരുപ്പം ഉയർത്തുന്ന ഭീഷണികൾ

2) നിങ്ങളുടെ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റിന് ഒരു കത്തെഴുതുക. (7)

## സി വിഭാഗം – Section - C (12 marks)

III. a) 1) പ്രയോഗം മാറ്റുക (1)

ഗാന്ധിജി യന്ത്രത്തെപ്പറ്റി അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ട്.

2) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക (1)

ചോദ്യങ്ങളെ കീഴ്പ്പെടുത്തുന്ന ഉത്തരങ്ങൾ അയാൾ സംഭരിച്ചു വച്ചിരുന്നു.

3) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക. (1)

രാഷ്ട്രീയവും സാമ്പത്തികവുമായ അടിമത്തങ്ങൾ ഇല്ലാതാക്കുവാനുള്ള പരീക്ഷണങ്ങളിൽ ഏർപ്പെട്ടപ്പോളാണ് ഗാന്ധിജി യന്ത്രത്തിന്റെ ഭീകരമായ ആധിപത്യം എത്രത്തോളമെത്തിയിട്ടുണ്ടെന്ന് കണ്ടത്.

4) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. (1)

മേലുദ്യോഗസ്ഥന്റെ മുഖത്ത് അനുകമ്പയും ദയനീയതയും നിഴലിച്ചു

b) a) പര്യായപദങ്ങൾ എടുത്തെഴുതുക. (2 × 1 = 2)

1) ഇല

(പക്ഷം, ദളം, ദലം, വർണം)

2) കല്ല്

(ശില, ഗരം, പാഷാണം, ഗരളം)

b) നാനാർത്ഥപദങ്ങൾ എഴുതുക (2 × 1 = 2)

1) ജാതി

(ഒരു വൃക്ഷം, അഭിപ്രായം, സമുദായം, പക്ഷം)

2) യജ്ഞം

(യാഗം, യോഗം, പ്രവൃത്തി, കൂട്ടം)

c) വിപരീതപദമെഴുതുക (2 × 1 = 2)

1) ആദ്യം (അന്ത്യം, അന്തം, അനാദ്യം, അന്ധം)

2) പൂർവ്വം (ദക്ഷിണം, ഉത്തരം, അപൂർവ്വം, വാമം)

d) അർത്ഥവ്യത്യാസം എഴുതുക (2 × 1 = 2)

1) താര് – താരം

(നക്ഷത്രം, ചന്ദ്രൻ, പൂവ്, കൂട്ടം)

2) മനം – മാനം

(കൂട്ടം, മനസ്സ്, മേഘം, ആകാശം, ഭൂമി)

e) എതിർലിംഗം എഴുതുക (2 × 1 = 2)

1) നേതാവ് (നേത്രി, നേതാവി, നേതാവിനി)

2) ശാസ്ത്രജ്ഞൻ (ശാസ്ത്രജ്ഞ, ശാസ്ത്രജ്ഞക, ശാസ്ത്രജ്ഞിനി)

f) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. (2 × 1 = 2)

അദ്ദേഹം

ആയെന്ന്

g) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക (2 × 1 = 2)

ശാസ്ത്രീയ സത്യം

കദ്രുപുത്രൻമാർ

## ഡി വിഭാഗം – Section - D

I. ശരിയായ ഉത്തരം എടുത്തെഴുതുക. (8 × ½ = 4)

a) 'ഗാന്ധിജിയുടെ സിദ്ധാന്തങ്ങളുടെയും അഭിപ്രായങ്ങളുടെയും ആദ്യത്തെ പകർപ്പ്' എന്നറിയപ്പെടുന്നത് ഏത് ?

(യങ് ഇന്ത്യ, ഹരിജൻ, ഹിന്ദുസ്വരാജ്, ദി ഹിന്ദു)

b) കേരള കലാമണ്ഡലം സ്ഥാപിച്ചതാര് ?

(ഉള്ളൂർ, വള്ളത്തോൾ, ബാലാമണിയമ്മ, കുമാരനാശാൻ)

c) 'കല്ലെറിയുന്നവർ' എഴുതിയതാര് ?

(അശോകൻ ചരുവിൽ, എൻ.പി. മുഹമ്മദ്, സി.വി. ശ്രീരാമൻ, സെബാസ്റ്റ്യൻ പോൾ)

d) ഉല്ലേഖഗായകൻ എന്നറിയപ്പെടുന്ന കവി ആര് ?

(ആശാൻ, ഉള്ളൂർ, വള്ളത്തോൾ, എൻ.എൻ.കക്കാട്)

e) കർമ്മത്തെ ദൈവമായിക്കാണുന്നതാര് ?

(ഗാന്ധിജി, സുകുമാർ അഴീക്കോട്, ഗുപ്തൻ നായർ, എം.കെ.സാനു)

f) എൻ.എൻ.കക്കാടിന്റെ കൃതിയേത് ?

(പാതാളത്തിന്റെ മുഴക്കം, സൂര്യകാന്തി, മലയവിലാസം, കർണഭൂഷണം)

g) വള്ളത്തോളിന്റെ മഹാകാവ്യം ഏത് ?

(ഉമാകേരളം, ചിത്രയോഗം, പിംഗള, മഗ്ദലന മറിയം)

h) എന്തു കണ്ടിട്ടാണ് 'കണ്ണ് ചെടിച്ചത്' ?

(തുമ്പപ്പൂവിനെ, നക്ഷത്രങ്ങളെ, ചന്ദ്രനെ, ജനങ്ങളെ)

II. ഉത്തരമെഴുതുക

1) a) 'വേലക്കാരനോ യജമാനനോ' – എന്ന ഈ തലക്കെട്ട് ലേഖനത്തിന് അനുയോജ്യമോ? വിലയിരുത്തുക. (3)

b) സർക്കാർ സ്ഥാപനങ്ങളിൽ ആളുകൾക്കല്ല, പങ്ക തിരിയുന്നത് കസേരയ്ക്കാണ്. കല്ലെറിയുന്നവർ എന്ന കഥയിലെ ഈ പ്രസ്താവനയുടെ ഔചിത്യമെന്ത് ? (3)

c) തൊഴിലിന്റെ മഹത്വത്തെക്കുറിച്ച് ഗാന്ധിജിയുടെ അഭിപ്രായമെന്ത് ? (3)

d) "തനിക്ക് ഹരിശ്ചന്ദ്രനാവാനാണെങ്കിൽ ഈ

വകുപ്പിൽ ചേരേണ്ടിയിരുന്നില്ല". (3)

ആര് ആരോടു പറഞ്ഞു ? കഥയേത് ? എഴുതിയതാര് ? ആശയം വ്യക്തമാക്കുക.

2) a) തുമ്പപ്പൂവ് എന്ന കവിത നൽകുന്ന സന്ദേശം എന്ത് ? (3)

b) ദീപങ്ങളുടെ ദീപ്തിയെ ദൂരത്താക്കുന്നതാണ് വിരുന്നുകാരന്റെ ശോഭ എന്നു വർണിച്ചിരിക്കുന്നതിന്റെ പൊരുൾ എന്താണ് ? (3)

c) മോഷ്ടിച്ചെടുത്ത രാത്രി എന്ന ശീർഷകത്തിന്റെ ഔചിത്യം ചർച്ച ചെയ്യുക. (3)

d) "ജാതിച്ചുവട്ടിൽ ജലസ്സേകമേകും

ജനങ്ങളിപ്പൂച്ചെടികെയനക്കി

വളർന്നിടുന്നില്ലതു പോട്ടെ; ദൂരെ

വലിച്ചു മാറ്റുന്നതുമുണ്ടു! കഷ്ടം!"

ആശയം വ്യക്തമാക്കുക. (3)

2) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (2 × 6 = 12)

1) അപ്പു അദ്ഭുതങ്ങളുടെ മനുഷ്യനായതെങ്ങനെ ? വിശദീകരിക്കുക.

2) ഹരിപ്രിയയെ അപ്പു രക്ഷിച്ചതെങ്ങനെ ?

3) 'കൗതുകകരമായ ഒരു ശാസ്ത്ര കഥയാണ് മൃതസഞ്ജീവനി' വിശദീകരിക്കുക.

❑❑❑